LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്വതന്ത്ര/ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറുകൾ

208 (6659) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന മിക്കവാറും സോഫ്റ്റ്വെയറുകളും വിൻഡോസിന്റെതാണോ എന്ന് വിശദമാക്കുമോ ;

(ബി) വിൻഡോസ് എക്സ്പിക്കുള്ള പിൻതുണ മൈക്രോസോഫ്റ്റ് പിൻവലിച്ച സാഹചര്യത്തിൽ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ സോഫ്റ്റ്വെയറുകൾ സ്വതന്ത്ര/ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറുകളിലേക്ക് മാറുന്നതിന് അനുമതി നൽകുമോ ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലും ഓഫീസ് ആവശ്യത്തിന് സ്വതന്ത്ര സോഫ്റ്റ്വെയറുകളും വിൻഡോസിന്റെ സോഫ്റ്റ്വെയറുകളും ഉൾപ്പെടുന്നുണ്ട്.

(ബി) വിൻഡോസ്-എക്സ്പി ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പിന്തുണ അതിന്റെ ഉടമസ്ഥരായ മൈക്രോ സോഫ്റ്റ് കോർപ്പറേഷൻ 8-4-2014 മുതൽ പൂർണ്ണമായി പിൻവലിച്ച പശ്ചാത്തലത്തിൽ പ്രസ്തുത ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിക്കുന്ന വകുപ്പുകളും സ്ഥാപനങ്ങളും സ്വതന്ത്ര സോഫ്റ്റ്വെയറിലേക്ക് മാറണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ഒഴിവാക്കാൻ കഴിയാത്ത പ്രത്യേക സാഹചര്യങ്ങളിൽ അതിന്റെ ഇന്ന് ലഭ്യമാകുന്ന ഏറ്റവും പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പതിപ്പ് സ്വീകരിക്കുന്നകാര്യം അതാത് സ്ഥാപനങ്ങൾ തന്നെ തീരുമാനം കൈക്കൊള്ളണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഭരണ നവീകരണ രംഗത്ത് വിവര സാങ്കേതിക വിദ്യയുടെ പ്രയോജനവും പ്രയോഗവും

209 (6660) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണനവീകരണരംഗത്ത് വിവരസാങ്കേതികവിദ്യയുടെ പ്രയോജനവും പ്രയോഗവും ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടു നടക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് :

(ബി) സർക്കാരിന്റെ ഏതെല്ലാം ഏജൻസികളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നതെന്നും ഓരോ ഏജൻസികളും കൽപ്പിച്ചു നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ ?